ട്രസ്റ്റ് ഷോർട്ട്ലിസ്റ്റ് ചെയ്യുകയും ചെയ്തു. ടെൻഡർ രേഖകൾ ഈ കമ്പനിയ്ക്ക് നൽകി കഴിഞ്ഞു. അവരുടെ സാമ്പത്തിക ഭദ്രത ;സാങ്കേതിക മേൻമ തുടങ്ങിയവയെ സംബന്ധിച്ച വസ്തുതകൾ 1999 ആഗസ്റ്റിൽ കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2005-ാമാണ്ടോടുകൂടി വല്ലാർപാടത്ത് ടെർമിനൽ പ്രോജക്ട് സ്ഥാപിക്കുന്നതിനുവേണ്ടി തെരഞ്ഞെടുത്ത ടെർമിനൽ ഓപ്പറേറ്റേഴ്സുമായി ഒരു സംയുക്ത സംരംഭ കമ്പനി സ്ഥാപിക്കുവാനാണ് തുറമുഖ ട്രസ്റ്റിന്റെ പദ്ധതി. ഈ സാഹചര്യത്തിൽ നിർദ്ദിഷ്ട വല്ലാർപാടം ട്രാൻസ്ഷിപ്പ്മെന്റ് പദ്ധതി നടപ്പാക്കുമ്പോൾ ട്രേഡ് യൂണിയനുകൾ പ്രകടിപ്പിച്ചിട്ടുള്ള ആശങ്കകൾ ദൂരീകരിച്ച് നടപ്പാക്കണമെന്ന് ഞാൻ കേന്ദ്ര ഉപരിതല ഗതാഗതവകുപ്പ് മന്ത്രി ശ്രീ.നിതീഷ് കുമാറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

<u>ശ്രീ. കെ. ബാബു</u> : സർ, പദ്ധതി നടപ്പാക്കുന്നതിന് ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ തടസ്സമില്ല. അവിടെ തൊഴിലാളികളും പോർട്ട് ട്രസ്റ്റും തമ്മിലുള്ള തർക്കമാണ്. തുറമുഖത്തിലെ തൊഴിലാളി സംഘടനകളുടെയും പോർട്ട് ട്രസ്റ്റ് അധികൃതരുടെയും ഒരു യോഗം അങ്ങ് മുൻകൈയെടുത്ത് വിളിച്ചുകൂട്ടി ഈ പ്രശ്നത്തിന് പരിഹാരം കാണാൻ ശ്രമിക്കുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : സർ, അതിനെപ്പറ്റി ആലോചിക്കാവുന്നതാണ്.

(2) യുവജനങ്ങളുടെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിന് പുതിയ പദ്ധതികൾ

<u>ശ്രീ. ജോസ് ബേബി</u> : സർ, കേരളത്തിലെ യുവജനങ്ങളുടെ ഏറ്റവും വലിയ സാമൂഹ്യപ്രശ്നമായി മാറിയിട്ടുണ്ട് കേരളത്തിലെ തൊഴിലില്ലായ്മ. നമ്മുടെ സംസ്ഥാനത്ത് ഏകദേശം 38 ലക്ഷത്തോളം ആളുകൾ ഇപ്പോൾ തൊഴിലില്ലാത്തവരായിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം പി.എസ്.സി. യും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും മുഖേന നിരവധി പോസ്റ്റുകൾ ഫിൽ ചെയ്യാനും നിരവധി തൊഴിലവസരങ്ങൾ ഉണ്ടാക്കാനും ശ്രമിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങളുണ്ടാകണമെങ്കിൽ സംസ്ഥാന ഗവൺമെന്റിന്റെ നിലവിലുള്ള പ്ളാനിംഗിൽ മാറ്റമുണ്ടാകണം. സംസ്ഥാന പ്ളാനിംഗ് ബോർഡിന്റെ പ്രവർത്തനങ്ങളിൽ മാറ്റമെന്ന് പറയുമ്പോൾ നമ്മുടെ ജനകീയാസൂത്രണ പ്രവർത്തനങ്ങളൊക്കെ നടക്കുന്ന കാലമായതു കൊണ്ട് ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് നൽകുന്ന ഫണ്ട് നിശ്ചിത പ്രോജക്ട്വൈസിലാണ് നമ്മൾ കൊടുക്കുന്നത്. തീർച്ചയായും പഞ്ചായത്തുകൾക്ക് പണം നൽകുമ്പോൾ ഇപ്പോൾ കൊടുക്കുന്ന നിർദ്ദേശത്തിന്റെയൊപ്പം പുതിയ തൊഴിൽ സംരംഭങ്ങൾക്ക് മുൻഗണന നൽകണമെന്ന് സംസ്ഥാന ഗവൺമെന്റ് ഫണ്ട് അനുവദിക്കുമ്പോൾ ഇൻസ്ട്രക്ഷൻ കൊടുക്കണം. തൊഴിൽ സംരംഭങ്ങൾക്ക് സംസ്ഥാനബഡ്ജറ്റിൽ ഫണ്ട് അനുവദിക്കുകയും പുതിയ തൊഴിൽസംരഭങ്ങൾക്ക്വേണ്ടി ബഡ്ജറ്റിൽ നിന്ന് ഗവൺമെന്റ് തന്നെ 100 കോടി രൂപ അനുവദിക്കുക, അതൊടൊപ്പം തന്നെ സംസ്ഥാനത്തിൽ നിരവധി ബാങ്കുകളുണ്ട്. ആ ബാങ്കുകളുമായി സംസാരിച്ച് ഒരു ധാരണയുണ്ടാക്കി 900 കോടി രൂപയും അങ്ങനെ ആയിരം കോടി രൂപയുടെ പുതിയ തൊഴിൽ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് സംസ്ഥാനത്തെ തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് പുതിയ തൊഴിലവസരങ്ങൾ കൊടുക്കാൻ സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുവരണം. ബന്ധപ്പെട്ട വകുപ്പുകൾക്ക് അതിനാവശ്യമായ നിർദ്ദേശം. കൊടുക്കണം. ബഡ്ജറ്റിൽ ഫണ്ട് അനുവദിക്കു

LIBRARY ARCHIVES Kerala Legislative Assembly

മ്പോൾ, പുതിയ പ്രഖ്യാപനങ്ങളുണ്ടാകുമ്പോഴൊക്കെത്തന്നെ അതിൽ തൊഴിലവസരങ്ങൾക്ക് മുൻഗണനകൊടുക്കുന്ന രീതിയിൽ നമ്മുടെ സംസ്ഥാനത്തിലെ പ്ളാനിംഗ് ഉൾപ്പെടെ മാറ്റം വരുത്തിക്കൊണ്ടു കേരളത്തിലെ ഏറ്റവും വലിയ സാമൂഹ്യ പ്രശ്നമായി മാറിക്കൊണ്ടിരിക്കുന്ന ഒട്ടനവധി പരിഹാര മാർഗ്ഗങ്ങളെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ടെങ്കിൽപ്പോലും ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ ചെറുപ്പക്കാർക്ക് പുതിയ തൊഴിലവസരമുണ്ടാക്കിക്കൊണ്ട് ചെറുപ്പക്കാരെ സംരക്ഷിക്കാൻ സർക്കാർ മുന്നോട്ട് വരണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടുകയാണ്.അതോടൊപ്പം ജനകീയാസൂത്രണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് കൈമാറുമ്പോൾ പ്ളാനിംഗ് ബോർഡ് പുതിയതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം കൂടി ഇത്തരം സ്ഥാപനങ്ങൾക്ക് കൊടുക്കാൻ തയ്യാറാകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടു അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാലു വാർഷിക പദ്ധതികൾക്കും (1996-97,1997-98,1998-99,1999-2000) ഒരു പഞ്ചവൽസര പദ്ധതി (1997-2002) ക്കും രൂപം നൽകുകയുണ്ടായി. ഓരോ പദ്ധതിക്കു രൂപം നൽകുമ്പോഴും ഉൽപ്പാദന വർദ്ധനവിനോടൊപ്പം തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുന്നതിന് അനുയോജ്യമായ വികസനപദ്ധതികൾക്കാണ് മുൻഗണന നൽകി വരുന്നത്. അതനുസരിച്ച് കൃഷി,സഹകരണം,ഗ്രാമവികസനം, വ്യവസായം, വിനോദസഞ്ചാരം എന്നീ മേഖലകൾക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ട് ഈ മേഖലകൾക്ക് ഓരോ വർഷവും കൂടുതൽ വിഹിതം പദ്ധതിയിൽ നീക്കിവയ്ക്കുന്നുണ്ട് . 1999-2000 മാണ്ടോടെ വാർഷിക പദ്ധതിയിൽ വിവര സാങ്കേതിക വിദ്യയുടെ വികസനത്തിലൂടെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു പദ്ധതി ഉൾപ്പെടുത്തുകയും ഈ രംഗത്ത് പ്രവർത്തിക്കുന്ന സംരംഭങ്ങൾക്ക് പ്രോത്സാഹന സഹായങ്ങൾ നൽകുന്നതിന് തുടക്കമെന്ന നിലയിൽ ഒരു കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ വിവിധ ജില്ലകളിൽ സോഫ്റ്റ്വെയർ ടെക്നോളജി പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പതിനായിരത്തിലേറെ തൊഴിലവസരങ്ങൾ ഈ രംഗത്ത് സൃഷ്ടിക്കപ്പെടുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഒൻപതാം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന വികസന പരിപാടിയുടെ പൂർത്തീകരണത്തോടെ ഏകദേശം എട്ടുലക്ഷം പേർക്ക് പുതുതായി തൊഴിൽ നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ചെറുകിട വ്യവസായമേഖലയിൽ 4.35 ലക്ഷം പേർക്കും ജനകീയാസൂത്രണ പരിപാടികളിലൂടെ ഒരു ലക്ഷം പേർക്കും വിനോദസഞ്ചാര വികസന പ്രവർത്തനങ്ങളിലൂടെ 80000 പേർക്കും കാർഷിക അനുബന്ധമേഖലയിൽ 87000 പേർക്കും വിദ്യാഭ്യാസമുൾപ്പെടെയുള്ള സാമൂഹ്യ സേവനരംഗത്ത് 70000 പേർക്കും വൻകിട-ഇടത്തരം വ്യവസായ മേഖലയിൽ രണ്ടുലക്ഷം പേർക്കും തൊഴിൽ നൽകാൻ കഴിയും. ഇവയിൽ മിക്കവാറും എല്ലാ മേഖലയിലും സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നുള്ള ധനസഹായം വിഭാവനം ചെയ്തിട്ടുണ്ട്. ജനകീയാസൂത്രണത്തിൻകീഴിൽ പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കുമ്പോൾ തൊഴിൽ സാദ്ധ്യതകളേറിയ പദ്ധതികൾക്ക് മുൻതൂക്കം നൽകി വരുന്നുണ്ട്. ഉൽപ്പാദന മേഖലയിലും സേവന രംഗത്തും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടാൻ കഴിയുന്ന പദ്ധതികൾക്കാണ് ജനപങ്കാളിത്തത്തോടെ ഈ സ്ഥാപനങ്ങൾ രൂപം നൽകി നടപ്പാക്കി വരുന്നത്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് മുൻതൂക്കം

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്നതിനുള്ള ഒരു സംസ്കാരം തന്നെ വികേന്ദ്രീകൃതാസൂത്രണം വിഭാവനം ചെയ്യുന്നുണ്ട്. ഒൻപതാം പദ്ധതിയുടെ ആദ്യവർഷം മുതൽ മൊത്തം പദ്ധതി അടങ്കലിന്റെ 40 ശതമാനം തുക തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന പരിപാടികൾക്കായി നീക്കിവയ്ക്കുന്നുണ്ട്. ഒൻപതാം പദ്ധതിയിൽ 6000 കോടി രൂപ ഇതിനായി നീക്കിവച്ചിരിക്കുന്നു. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകി വരുന്ന പദ്ധതി സഹായത്തിൽ നിന്ന് പഞ്ചായത്തുകൾ 40 ശതമാനം തുക ഉൽപ്പാദന മേഖലയിൽ പദ്ധതികളാവിഴ്ക്കരിച്ചു നടപ്പാക്കണമെന്നും വ്യക്തമായ മാർഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ഉൽപ്പാദന വർദ്ധനവും തൊഴിലവസരങ്ങളും കൂടുതൽ സൃഷ്ടിക്കുന്നതിനും ലക്ഷ്യം വച്ചു കൊണ്ടുള്ളവയാണ്. ജനകീയാസൂത്രണത്തിന്റെ മറ്റൊരു മുഖമുദ്ര സ്ത്രീകൾക്ക് തദ്ദേശീയമായി അവരുടെ നിവാസ സ്ഥലങ്ങളോടനുബന്ധിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയെന്നുള്ളതാണ്. ഇതിലേക്കായി പദ്ധതി വിഹിതത്തിന്റെ 10 ശതമാനം തുക സ്ത്രീകൾ പങ്കാളികളായിട്ടുള്ള സംരംഭങ്ങൾക്കു നീക്കിവയ്ക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ജനകീയാസൂത്രണത്തിൽക്കൂടി, ജനകീയ പങ്കാളിത്തം വികസനത്തിൽ ഉറപ്പ് വരുത്തുന്നതിനുള്ള ശ്രമം നടത്തുന്നത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ്. ഉദാഹരണമായി 1997-98-ൽ പൊതുവിഭാഗത്തിൽ നീക്കിവച്ചിരുന്ന 527 കോടി രൂപയ്ക്കുള്ള പദ്ധതിയിൽ 40 ശതമാനം തുകയ്ക്കു തുല്യമോ അതിൽ കൂടുതലോ ആയ അളവിൽ ഗുണഭോക്തൃവിഹിതം പദ്ധതി അടങ്കലിൽ ഉണ്ടായിയെന്നത് ശ്രദ്ധേയമാണ്. ഒമ്പതാം പഞ്ചവത്സര പദ്ധതിയിൽ വികേന്ദ്രീകൃത ആസൂത്രണം ഫലപ്രദമായി നടപ്പിലാക്കുന്നതിന് ആസൂത്രണബോർഡ് കൈക്കൊണ്ടിട്ടുള്ള നടപടികൾ സംസ്ഥാനത്തിന്റെ വികസനത്തിൽ കാതലായ മാറ്റം വരുത്തുന്നതിനും സംസ്ഥാനത്തെ ഉൽപ്പാദന വരുമാന പ്രക്രിയ ശക്തിപ്പെടുത്തുന്നതിനും ലക്ഷ്യം വച്ചുകൊണ്ടുള്ളവതന്നെയാണ്. സ്വയംതൊഴിൽ കണ്ടെത്താനും അതിനാവശ്യമായ സാമ്പത്തിക സഹായം ബന്ധപ്പെട്ട ഏജൻസികളിൽനിന്നും നേടിയെടുക്കാനുമുള്ള അവസരങ്ങൾ വിവിധ വികസന മേഖലകളിൽ തൊഴിലന്വേഷകർക്ക് കൈവരുമെന്നതാണ് ജനകീയാസൂത്രണംകൊണ്ടുള്ള പ്രധാന നേട്ടം. ഇതിനു പുറമെ സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെ തൊഴിലില്ലായ്മ പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെ ഇൻഫർമേഷൻ ടെക്നോളജി മേഖല വികസിപ്പിച്ചെടുക്കുന്നതിനുള്ള ബൃഹത്തായ ഒരു പദ്ധതിക്ക് സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഈ മേഖലയിൽ അഭ്യസ്തവിദ്യരായ യുവാക്കൾക്ക് ഗണ്യമായ തോതിൽ തൊഴിൽ ലഭിക്കുന്നതിനു സാധിക്കും. പുതിയ വ്യവസായനയത്തെ അടിസ്ഥാനമാക്കിയതും വ്യവസായിക പുരോഗതിക്കു വേണ്ടിയുള്ളതുമായ ആസൂത്രിത ശ്രമഫലമായി ഒരു വർഷത്തിനുള്ളിൽ ഏകദേശം 1200 കോടി രൂപയുടെ നിക്ഷേപം സമാഹരിക്കുന്നതിനും അതുവഴി ഏകദേശം 1,20,000 ആളുകൾക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കുമെന്ന് കരുതുന്നു. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി മാത്രം ഫണ്ട് നീക്കിവയ്ക്കുന്നതിനേക്കാൾ നല്ലത് പ്രാദേശിക വികസനവും ഉൽപ്പാദന വർദ്ധനവും ലക്ഷ്യമാക്കിക്കൊണ്ട് പദ്ധതികൾ നടപ്പിലാക്കുകയും അതിലൂടെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നതായിരിക്കും എന്നാണ് സർക്കാർ കരുതുന്നത്.

LIBRARY ARCHIVES Kerala Legislative Assembly